"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/മറുപടി**

നമ്പർ: E3-32506/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി: 25.09.2017.
Email: swdkerala@gmail.com
Phone: 0471 - 2306040.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

ശ്രീമതി. ഷീലകുമാരി അമ്മ ബി.,
വിപഞ്ചിക,
കൊച്ചാലുമൂട്,
മടവൂർ,
പള്ളിച്ചൽ പി.ഒ.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശം - - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ശ്രീമതി. ഷീലകുമാരി അമ്മ സമർപ്പിച്ചിട്ടുള്ള 02.09.2017-ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ വിവരാവകാശ പ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം 1: ബിരുദവും പത്ത് വർഷ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നുള്ള നിയമനം വിശേഷാൽ ചട്ടം ഉത്തരവ് GO(P) 78/12/SJD, dated. 27.12.2012 പ്രകാരം 01.01.2014 പ്രാബല്യത്തോടെ നിലവിൽ വന്നു. 11%മാണ് ബിരുദമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നുള്ള നിയമനം.

ചോദ്യം 2: സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ബിരുദമുള്ള അങ്കണവാടി വർക്കർ ക്വോട്ടയിൽ നിന്നുള്ള നിയമനത്തിനായി വിവിധ കാലഘട്ടങ്ങളിലായി 138 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ OA No. 2431/14-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 03.02.2016-ലെ വിധിന്യായം അനുസരിച്ച് അങ്കണവാടി ക്വോട്ടയിൽ (SSLCയും പത്ത് വർഷ പരിചയവും) ഉള്ള 55 ഉദ്യോഗാർത്ഥികളെ അങ്കണവാടി വർക്കർ

ബിരുദധാരികളുടെ ക്വോട്ടയിൽ നിയമനം നൽകേണ്ടതായി വന്നിട്ടുണ്ട്. അത് അനുസരിച്ച് നേരത്തെ PSCയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന 138 വേക്കൻസികളിൽ ഇനി 83 എണ്ണം മാത്രമെ നിയമനത്തിനായി ശേഷിക്കുന്നുള്ളു. ഈ വിവരം PSCയെയും അറിയിച്ചിട്ടുണ്ട്.

ചോദ്യം 3: വകുപ്പിൽ നിലനിൽക്കുന്ന വിശേഷാൽ ചട്ടം പ്രകാരം സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതും വകുപ്പിലെ ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള (4-ാം വിഭാഗം) പ്രമോഷൻ ലഭിച്ചവരുടെ കേഡർ സ്ട്രെങ്ത് ക്രമീകരിച്ചപ്പോൾ ഡിഗ്രി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ജീവനക്കാരും, OA 2431/2014-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 03.02.2016 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ SSLC വിഭാഗത്തിൽ നിന്നുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഡിഗ്രി വിഭാഗത്തിന്റെ ഒഴിവിൽ നിയമിക്കപ്പെട്ട 55 പേരും ചേർന്നുള്ള 60 ജീവനക്കാർ ഇപ്പോൾ ഡിഗ്രി ക്വോട്ടയിൽ ഉണ്ട്. എന്നാൽ കോടതി ഉത്തരവിൻ പ്രകാരം നിയമിക്കപ്പെട്ട 55 പേരുടെ കേഡർ സ്ട്രെങ്ത് ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കണം എന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

താങ്കൾക്ക് ലഭ്യമാക്കിയിരിക്കുന്ന മറുപടി തൃപ്തികരമല്ലാത്ത പക്ഷം മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പീൽ അധികാരിയെ സമീപിക്കാവുന്നതാണ്.

**<u>അപ്പീൽ അധികാരിയുടെ മേൽ വിലാസം</u>**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അപ്പീൽ അധികാരി,**
**സാമൂഹ്യനീതി വകുപ്പ്, 5-ാം നില,**
**വികാസ് ഭവൻ, തിരുവനന്തപുരം - 695 033.**

വിശ്വസ്തതയോടെ,

S.L. ശ്യാം ശങ്കർ
**സീനിയർ സൂപ്രണ്ട്**
**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**